of law" made by the Hon'ble Minister P. Govinda Menon and which appeared in the article "Labour Problem—Attitude of the Interim Government" in the "Malabar Mail" on 8th Octobe 1946?

Mr. P. Govinda Menon *(Minister for Food and Education)*:
The statement in the "Malabar Mail" has been wrongly translated in the question.

Mr. Shabdai S. Koder *(Nominated)*: Will the Hon'ble Minister be pleased to give a correct translation of his statement?

Mr. P. Govinda Menon *(Minister for Food and Education)*: The word used in my speech is "ഞെരുക്കുക" that is 'to bring pressure upon'. If it were "ഞെരിക്കുക" then the translation would have been 'to crush'.

Mr. Shabdai S. Koder *(Nominated)*: Does it apply to the workers also who do not obey the employers?

Mr. P. Govinda Menon *(Minister for Food and Education)*: The law, Sir, is equal to both in its application. But several other things mentioned in the speech are not seen published.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: ബഹുമാനപ്പെട്ട മന്ത്രിക്ക് അതൊന്ന കറക്റ്റ ചെയ്യ, തിരുത്താമായിരുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മന്ത്രി എന്തെങ്കിലും തെറ്റായിട്ട പറഞ്ഞു എന്ന പറഞ്ഞിട്ടില്ല. അതിന്റെ പരിഭാഷ തെറ്റാണെന്നേ പറഞ്ഞിട്ടുള്ളു.

Mr. K. Balakrishna Menon *(Cheruthuruthi)*: May I know if it is true that the Hon'ble Minister used the Malayalam equivalent of the word "crush?"

Mr. P. Govinda Menon *(Minister for Food and Education)*: That was what exactly what I said "ഞെരുക്കുക" and not "ഞെരിക്കുക".

Mr. K. Balakrishna Menon *(Cheruthuruthi)*: Is it the dictionary meaning?

Mr. P. Govinda Menon *(Minister for Food and Education)*: That is the well accepted meaning of the word.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇകാരം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇകാരമല്ല, ഉകാരമാണ് വേണ്ടതു്.

മിസ്റ്റർ കെ. എ. രാഘവൻ: അതിനോട് സാദൃശ്യമുള്ള മറെറാരു വാക്ക പറയാമോ?

Mr. P. Govinda Menon *(Minister for Food and Education)*: The Minister is not in a language class.

SALES TAX FOR COCOANUTS AND COCOANUT CAKE

18. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തിലെ നാളികേരം വെട്ടുകാരേയും, കൊപ്രക്കച്ചവടക്കാരേയും വില്പന നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) കൊപ്രമില്ല് ഉടമസ്ഥന്മാരുടെ പക്കൽനിന്നും വില്പനനികുതി വസൂലാക്കുന്ന ചട്ടം, സമ്പ്രദായം, തത്വം അനുസരിച്ചുതന്നെയല്ലെ കൊപ്രക്കച്ചവടക്കാരുടെ പക്കൽനിന്നും വില്പനനികുതി വസൂലാക്കുന്നതു;

(സി) അല്ലെന്നാണ് മറുപടിയെങ്കിൽ ഒരേ കച്ചവടം ചെയ്യുന്ന രണ്ടു വ്യക്തികളെ വെവ്വേറെ നിയമങ്ങൾക്ക വിധേയരാകുന്നതിനുള്ള ഗവൺമെണ്ടിന്റെ നിലയെ വിശദീകരിക്കുമോ;

(ഡി) ഇപ്പോൾ കൊച്ചിയിൽ നിലവിലുള്ള (നാളികേരം, കൊപ്ര ഇവകളുടെ) കച്ചവടസമ്പ്രദായമനുസരിച്ചും, ഗവൺമെണ്ടിൽനിന്നും നടപ്പാക്കിയിട്ടുള്ള വില്പനനികുതി വ്യവസ്ഥകളും അനുസരിച്ചും കണക്കാക്കുന്ന പക്ഷം സംസ്ഥാനത്തിൽ ഉണ്ടാകുന്ന ഓരോ കണ്ടി കൊപ്രക്കും (ഉല്പാദകർ തുടങ്ങി വെളിച്ചെണ്ണ കയററി അയക്കുന്ന കച്ചവടക്കാർ ഉൾപ്പെടെ അഞ്ചോ ആറോ കയ്യ് മാറുമ്പോൾ) ആകെ എത്ര ഉറുപ്പികവീതം വില്പനനികുതിയായി ഗവൺമെണ്ടിനു കിട്ടുമെന്നാണുദ്ദേശിക്കുന്നതു"?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: (എ) ഉണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെളിച്ചെണ്ണ വിറ്റുകിട്ടുന്ന സംഖ്യയിൽനിന്നു കൊപ്ര, വിലയുടെ ൽപ്പ ശതമാനം കഴിച്ച് ബാക്കിയുള്ള സംഖ്യയിന്മേൽ മാത്രമെ മില്ലുടമസ്ഥന്മാർ വില്പനനികുതി കൊടുക്കേണ്ടതുള്ളൂ. കൊപ്രക്കച്ചവടക്കാർ കൊപ്ര വിറ്റ കിട്ടുന്ന മുഴുവൻ സംഖ്യക്കും നികുതി കൊടുക്കണം.

(സി) കൊപ്ര ആട്ടൽ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയാണ് മിൽ ഉടമസ്ഥന്മാക്ക് നികുതി കുറച്ചിരിക്കുന്നത്.

(ഡി) കൊപ്ര എത്ര കയ്യ് മറിയുമെന്നു് കൃത്യം പറയുവാൻ സാദ്ധ്യമല്ല. ഓരോ പ്രാവശ്യവും കയ്യ് മറിയുമ്പോൾ നൂറുക്ക് ഒരു ഉറപ്പിക വീതം നികുതി കൊടുക്കണം.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : ഈ സ്റ്റോറിലുള്ള മില്ലുകാരുടെ താല്പര്യങ്ങൾ മാത്രം നോക്കിയാൽ മതിയെന്നാണോ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നത് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : മില്ലുകാരുടെ കാര്യം മാത്രമാണ് നോക്കുന്നതെന്നു പറഞ്ഞിട്ടില്ല.

മിസ്റ്റർ പി വി. സബാസ്റ്റ്യൻ : ഇങ്ങിനെ വെവ്വേറെ ഭീമമായ വ്യത്യാസത്തോടുകൂടിയ നിയമങ്ങൾക്കു വിധേയരാക്കിയാൽ ഒരു കൂട്ടർ അവരുടെ കച്ചവടം നിറുത്തേണ്ടിവരുമെന്നു ഗവണ്മെണ്ടിനു മനസ്സിലായിട്ടുണ്ടോ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : നിറുത്തേണ്ടി വരുമെന്നു ഗവണ്മെണ്ടിനു് ബോദ്ധ്യമായിട്ടില്ല.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : ഈ നിയമം മൂലം അവർ കച്ചവടം നിറുത്തുവാൻ നിർബ്ബന്ധിതരാകുമെന്നു തോന്നുന്നുണ്ടോ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി . തോന്നുന്നില്ല.

മിസ്റ്റർ ജോസ് കെ. വട്ടിപ്ലസ് : മില്ലുകാരൻ ആയിരം രൂപാ നികുതി കൊടുക്കുമ്പോൾ ഒരു കച്ചവടക്കാരൻ പതിനായിരം രൂപാ നികുതി കൊടുക്കേണ്ടിവരും. മില്ലുകാരൻ നേരിട്ടു കൊപ്ര വാങ്ങുമ്പോൾ കച്ചവടക്കാർ കൊടുക്കുന്നതിലും വളരെ ചെറിയ ഒരു സംഖ്യയല്ലെ നികുതി കൊടുക്കേണ്ടിവരുകയുള്ളൂ? അതാണ് ചോദിക്കുന്നത്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : മില്ലുകാർ വെളിച്ചെണ്ണ വിറ്റുകിട്ടുന്ന വിലയിൽനിന്നു കൊപ്രാവിലയുടെ ൽപ്പ ശതമാനം കഴിച്ചു ബാക്കിയുള്ള സംഖ്യക്കാണ് വില്പന നികുതി കൊടുക്കേണ്ടതു്. അതു ഒരു കൈകൂടി മറിയുമ്പോൾ അതിനുംകൂടി ഒരു നികുതി കൊടുക്കേണ്ടിവരും. അങ്ങിനെ ഓരോ കൈ മറിയുമ്പോഴും ആ നികുതി കൊടുക്കണം.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : കൊപ്രക്കച്ചവടക്കാരെ അപേക്ഷിച്ചു മില്ലുകാക്കാണ് ആദായം കൂടുതൽ കിട്ടുന്നതെന്നു് അറിയാമൊ ?

മിസ്റ്റർ എം. ശിവരാമമേനോൻ : കൊപ്രാക്കച്ചവടക്കാരൻ കൊപ്രക്കച്ചവടം ചെയ്യുമ്പോൾ പലവിധത്തിലുള്ള ലാഭമുണ്ട്. പല കൈ മറിയുമ്പോൾ അതിനു മാക്കറു റേറു അനുസരിച്ചുള്ളതിലും കൂടുതൽ വിലവരും.

മിസ്റ്റർ പി. എ. മുഹമ്മദു അഷ്റഫ് : കൊപ്രയും മടലുമായിട്ടുള്ള ബന്ധമെന്താണു് ?

മിസ്റ്റർ എം. ശിവരാമമേനോൻ : നാളികേരം പൊതിച്ചും പൊതിക്കാതെയും വില്ക്കാറുണ്ട്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : വളരെ കൂടുതൽ ആദായം കച്ചവടക്കാരനു കിട്ടുന്നുണ്ടെന്നു ഉൽപാദകനു മനസ്സിലാക്കുവാൻ കഴിവില്ലെന്നാണൊ ഗവണ്മെണ്ട് ഇതുകൊണ്ടു് ഉദ്ദേശിക്കുന്നത് ?

മിസ്റ്റർ എം. ശിവരാമമേനോൻ : കൊച്ചിയിൽ എട്ടൊ പത്തൊ മില്ലുകാരുണ്ട്. കൊച്ചിയിലെ കൊപ്ര മുഴുവൻ അവിടെവരുന്നു. അപ്പോൾ എന്തുകൊണ്ട് അതിനു് ശരിയായ വില കിട്ടുയില്ല ?

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അപ്പോൾ സ്റ്റേയിറ്റിലുള്ള എട്ടൊ പത്തൊ മില്ലുകാരെ നന്നാക്കുവാൻ വേണ്ടി കച്ചവടക്കാരെ ദ്രോഹിച്ചു അവരുടെ പക്കൽനിന്നും കൂടുതൽ സംഖ്യ വസൂലാക്കണമെന്നാണൊ ഗവണ്മെണ്ടിന്റെ വിചാരം ?

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ് : കൊപ്ര, മില്ലിൽ കൊടുത്തു വെളിച്ചെണ്ണയാക്കിവരുന്നതുവരെ കച്ചവടക്കാർ എത്ര പ്രാവശ്യം അതിനു സെയിൽസ് ടാക്സ് കൊടുക്കണം

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ശിവരാമമേനോൻ: എത്രാണ്ടു മുന്നു നാലു കൈ മറിയേണ്ടിവരും. അപ്പോഴെല്ലാം ടാക്സും കൊടുക്കണം. മുഴുവൻ ലാഭവും നഷ്ടപ്പെടുന്നപക്ഷം ഗവൺമെണ്ടു് അതിനെപ്പററി ആലോചിക്കാം.

NEW COURSES OF STUDY IN THE MAHARAJA'S COLLEGE

19. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) whether the Government have any idea of introducing new courses of study in the Maharaja's College, Ernakulam;

(*b*) if the answer to (*a*) is in the affirmative what are the new courses proposed and when will they be introduced ?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Yes.

(*b*) Honours course in Chemistry, Technological courses. It cannot be definitely stated when they will be introduced because regarding Honours course affiliation from the University has not been obtained and regarding Technological courses the scheme is not completed.

Mr. P. Govinda Menon *(Minister for Food and Education):* I must add that with respect to the Honours course in Chemistry it is only an idea and not a decision; because in (a) the question is whether the Government have any idea and the answer is that there is such an idea. With respect to Technological courses I will give this information. The courses contemplated are pharmaceutical science that has already been started, Ayurvedic research, heavy chemicals, oil and soap technology and textile technology.

Mr. P. Kumaran Ezhuthassan *(Vadakkancheri):* With regard to the idea of Honours course in Chemistry has anything been practically done ?

Mr. P. Govinda Menon *(Minister for Food and Education):* We first take ideas, then decision and after that, execution.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Have we progressed beyond the idea ?

Mr. P. Govinda Menon *(Minister for Food and Educatin):* In pursuance of the idea application has been made to the Madras University for affiliation.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I know when that application was made ?

Mr. P. Govinda Menn *(Minister for Food and Education):* Last month, October.

CLOTH DISTRIBUTION IN THE PALLIPPURAM-KUZHUPPILLI VILLAGE

20. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പള്ളിപ്പുറം-കുഴുപ്പിള്ളി വില്ലേജു് നിവാസികൾക്കു തുണി വാങ്ങുന്നതിനു പെർമിറ്റു വാങ്ങുവാൻ അവിടങ്ങളിൽ ഫീൽഡാഫീസ്സരുടെ ആഫീസ്സില്ലെന്നു സംഗതി ഗവൺമെണ്ടിനറിയാമൊ?

(ബി) ചേന്നമംഗലത്തുപോയി പ്രസ്തുത നാട്ടുകാർ പെർമിറ്റു വാങ്ങുക എന്നതു ബുദ്ധിമുട്ടായ ഒരു സംഗതിയാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അറിയാം.

(ബി) പുതിയതായി കൂടുതൽ ഫീൽഡാഫീസ്സറന്മാരെ നിയമിക്കുന്നതിനുമുമ്പു് ടി പ്രദേശങ്ങളിലേക്കു് തുണികൂ പെർമിറ്റുകൾ കൊടുത്തിരുന്നതു അന്നത്തെ ഞാറക്കൽ ഫീൽഡാഫീസ്സറാണു്. അന്നത്തെ ഫീൽഡാഫീസ്സരുടെ അധികാരാതിർത്തി പള്ളിപ്പുറം മുതൽ അങ്ങേക്കടവുവരെയായിരുന്നു. എന്നാൽ ഗവൺമെണ്ടിൽനിന്നും ഉണ്ടായ ക്ഷാമാശ്വാസത്തെ Fd 6. ഉത്തരവുകൾ/ഫാംസ്സു് കല്പനപ്രകാരം നിശ്ചയിച്ചിട്ടുള്ള പുതിയ പദ്ധതിയനുസരിച്ചു് ഫീൽഡാഫീസ്സറന്മാർക്കു് അവരുടെ Head quarters-ൽനിന്നു മാത്രമെ പെർമിറ്റുകൾ വിതരണം ചെയ്യുന്നതിനു സാധിക്കയുള്ളു. അതിലേക്കു വൈകുന്നേരണം ക്ലാർക്കുമാരെയും നിശ്ചയിച്ചിട്ടുണ്ടു്. അകലെയുള്ള ദിക്കുകളിൽനിന്നു കിട്ടുന്ന അപേക്ഷകൾക്കു താമസം കൂടാതെ പെർമിറ്റു കൊടുക്കുന്നതിനും ഫീൽഡാഫീസ്സർക്കു് നിർദ്ദേ

LIBRARY ARCHIVES Kerala Legislative Assembly